## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1947 05.10.2016-ൽ മറുപടിയ്ക്ക്

### വാട്ടർ അതോറിറ്റിയിലെ സ്ഥലം മാറ്റങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |

എ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റിയിൽ എത്ര ജീവനക്കാരെ സ്ഥലം മാറ്റം നടത്തിയിട്ടുണ്ട്; കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

എ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള വാട്ടർ അതോറിറ്റിയിൽ 465 ജീവനക്കാരെ സ്ഥലം മാറ്റം നടത്തിയിട്ടുണ്ട്.

കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 15 |
| 2 | പാർട്ട് ടൈം സ്വീപ്പർ | 04 |
| 3 | ടൈപ്പിസ്റ്റ് | 13 |
| 4 | ഓഫീസ് അറ്റൻഡന്റ് | 04 |
| 5 | മീറ്റർ ഇൻസ്പെക്ടർ | 08 |
| 6 | മീറ്റർ റീഡർ | 01 |
| 7 | ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് II | 28 |
| 8 | ഡ്രാഫ്റ്റ്സ് മാൻ ഗ്രേഡ് I | 28 |
| 9 | ഡ്രൈവർ | 07 |
| 10 | പംബിംഗ് ഇൻസ്പെക്ടർ | 01 |
| 11 | ഫിറ്റർ | 05 |
| 12 | ഇലക്ട്രീഷ്യൻ | 03 |
| 13 | ജൂനിയർ സൂപ്രണ്ട് | 22 |
| 14 | ഹെഡ് ക്ലർക്ക് | 42 |
| 15 | എൽ.ഡി/യു.ഡി ക്ലർക്ക് | 145 |
| 16 | സൂപ്രണ്ടിംഗ് എഞ്ചിനീയർ | 02 |
| 17 | ഓവർസിയർ | 77 |
| 18 | ഡിവിഷണൽ അക്കൗണ്ടന്റ് | 08 |
| 19 | ഓപ്പറേറ്റർ | 20 |
| 20 | അസി.എക്സി.എഞ്ചിനീയർ | 08 |
| 21 | ഹെഡ് സർവയർ | 03 |
| 22 | എക്സി.എഞ്ചിയനീർ | 10 |
| 23 | പ്ലംബർ | 04 |
| 24 | സർവേയർ | 05 |
| 25 | മെക്കാനിക്കൽ സൂപ്രണ്ട് | 01 |
| 26 | സീനിയർ സൂപ്രണ്ട് | 01 |

കൂടാതെ 193 ഹെഡ് ഓപ്പറേറ്റർമാരെ സൂപ്പർ വൈസറി തസ്തികയിലേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ മാറ്റി നിയമിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ബി | ഈ സ്ഥലം മാറ്റത്തിനെതിരെ എത്ര പേർ ബഹു. ഹൈക്കോടതിയിൽ ഹർജി നൽകിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി സ്ഥലം മാറ്റത്തിനെതിരെ 22 പേർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. |
| സി | സ്ഥലം മാറ്റത്തിന്റെ പേരിൽ ഹൈക്കോടതിയിൽ കേസ് നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വിശദമാക്കാമോ; | സി സ്ഥലം മാറ്റത്തിന്റെ പേരിൽ ഹൈക്കോടതിയിൽ കേസ് നടത്തുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയ്ക്ക് സ്റ്റാന്റിംഗ് കൗൺസൽമാർ ബില്ലുകൾ സമർപ്പിച്ചിട്ടില്ലാത്തതിനാൽ തുക കണക്കാക്കിയിട്ടില്ല. |
| ഡി | അനവസരത്തിൽ ഉണ്ടായ സ്ഥലം മാറ്റത്തിനുത്തരവാദികളായ ഉദ്യോഗസ്ഥൻമാരിൽ നിന്നും പ്രസ്തുത കേസ് നടത്തിപ്പിന് ചെലവായ തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | ഡി ഭരണപരമായ സൗകര്യത്തിനുവേണ്ടിയുള്ളതും അഭ്യർത്ഥന പ്രകാരമുള്ളതുമായ സ്ഥലമാറ്റങ്ങളാണ് നടത്തിയിട്ടുള്ളത്. |
| ഇ | കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലമാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതനുസരിച്ചാണോ സ്ഥലം മാറ്റം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | ഇ സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ നിലവിലില്ല. എന്നാൽ വിവിധ ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ള കരട് മാനദണ്ഡം വാട്ടർ അതോറിറ്റിയിൽ നിലവിലുണ്ട്. തുടർ ചർച്ചകൾ നടത്തി ആയത് അന്തിമമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ